**ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**ഹാജർ : ആസിഫ് കെ. യൂസഫ്. ഐ.എ.എസ്.**

ക്ഷീരവികസന വകുപ്പ് - ഡയറക്ടറേറ്റ് - ജീവനക്കാര്യം - ഓൺലൈൻ പൊതുസ്ഥലംമാറ്റം 2024 നടപ്പിലാക്കുന്നത് - ഡെയറി ഫാം ഇൻസ്ട്രക്ടർ തസ്തികയിലെ പൊതുസ്ഥലംമാറ്റം നടത്തി അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ക്ഷീരവികസന വകുപ്പ്

നം. DDDKER/2031/2024-E1 (1) തിരുവനന്തപുരം,തീയതി: 19-07-2024

പരാമർശം:- 1. സ.ഉ. (പി) നം. 3/2017/ഉഭപവ., തീയതി: 25.02.2017.

2. സ.ഉ. (കൈ) നം. 22/2022/ഉഭപവ., തീയതി: 26.09.2022.

3. ഈ ഓഫീസിൽ നിന്നുള്ള 15.03.2024 ലെ 14/2024(എ) നമ്പർ സർക്കുലർ.

4. ഈ ഓഫീസിൽ നിന്നുള്ള 07.06.2024 ലെ മേൽനമ്പർ ഉത്തരവ്.

5. ക്ഷീരവികസന വകുപ്പ് ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാരുടെ കത്തുകളും ഡെയറി ഫാം ഇൻസ്ട്രക്ടർമാരുടെ അപേക്ഷകളും.

6. ഈ ഓഫീസിൽ നിന്നുള്ള 19-07-2024 ലെ മേൽനമ്പർ ഉത്തരവ്.

**ഉത്തരവ്**

പരാമർശം (3) ലെ സർക്കുലർ പ്രകാരം ഈ വകുപ്പിലെ വിവിധ തസ്തികകളിലെ ഉദ്യോഗസ്ഥർ പൊതുസ്ഥലംമാറ്റത്തിനായി സ്പാർക്ക് മുഖാന്തിരം സമർപ്പിച്ചിട്ടുള്ള അപേക്ഷകളുടെ അടിസ്ഥാനത്തിൽ മേൽപരാമർശം (4) പ്രകാരം ഡെയറി ഫാം ഇൻസ്ട്രക്ടർ തസ്തികയിലെ 2024 ലെ പൊതുസ്ഥലംമാറ്റ കരട് പട്ടിക പ്രസിദ്ധീകരിച്ച് താൽക്കാലിക ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയത് സംബന്ധിച്ച ആക്ഷേപങ്ങൾ സമർപ്പിക്കുന്നതിന് 2024 ജൂൺ 14 വരെ സമയം അനുവദിക്കുകയും പ്രസ്തുത സമയപരിധിയ്ക്കുള്ളിൽ ആയത് സംബന്ധിച്ച് മേൽപരാമർശം (5) പ്രകാരം ലഭിച്ചിരുന്ന ആക്ഷേപങ്ങൾ/അപേക്ഷകൾ വിശദ പരിശോധനകൾക്ക് വിധേയമാക്കി മേൽപരാമർശം (6) ലെ ഉത്തരവ് പ്രകാരം തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

പരാമർശം (1) ഉത്തരവിലെ ഖണ്ഡിക (1) ഉപഖണ്ഡിക (ii) പ്രകാരം ഓരോ വർഷവും ഫെബ്രുവരി 28-ന് മൂന്നുവർഷം തികയുന്ന ജീവനക്കാരുടെ (ഒരു സ്റ്റേഷനിൽ) അപേക്ഷ മാത്രമേ പരിഗണിക്കാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ പരാമർശം (4) പ്രകാരം പ്രസിദ്ധീകരിച്ച ലിസ്റ്റിലെ ക്രമ നം. 8, 9, 12, 13, 14, 15, 16, 17, 18, 19, 20, 21, 23, 24, 25, 26, 27, 28, 29, 33, 34, 35, 36 എന്നിവരെ ഒഴിവാക്കിയിട്ടുണ്ട്. ക്ഷീരവികസന ഓഫീസറായി ബൈ-ട്രാൻസ്ഫർ നിയമനം ലഭിച്ച ഒരു ഡെയറി ഫാം ഇൻസ്ട്രക്ടർക്ക് (ക്രമ നം.

31) കരട് ഉത്തരവിൽ നൽകിയിരുന്ന പൊതുസ്ഥലംമാറ്റം ഒഴിവാക്കിയിട്ടുണ്ട്. അച്ചടക്ക നടപടികൾ തുടർന്നുവരുന്ന സാഹചര്യത്തിൽ ക്രമ നം. 29 -നെയും ഒഴിവാക്കിയിട്ടുണ്ട്. പരാമർശം (6) ഉത്തരവ് പ്രകാരം അപേക്ഷകൾ തീർപ്പ് കൽപ്പിച്ചതുവഴി കരട് ലിസ്റ്റിൽ ചില ജീവനക്കാർ ഒഴിവാക്കപ്പെട്ടതോടൊപ്പം ചിലർ ഉൾപ്പെട്ടിട്ടുമുണ്ട്.

മേൽപ്പറഞ്ഞ സാഹചര്യത്തിൽ, 2024 പൊതുസ്ഥലംമാറ്റത്തിന്റെ ഭാഗമായി താഴെപ്പറയുന്ന 13 ഡെയറി ഫാം ഇൻസ്ട്രക്ടർമാർക്ക് വിവിധ ക്ഷീരവികസന യൂണിറ്റ് കാര്യാലയങ്ങളിലേക്ക് പൊതുസ്ഥലംമാറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | ഡെയറി ഫാം ഇൻസ്ട്രക്ടറുടെ പേര് | നിലവിലെ ക്ഷീരവികസന യൂണിറ്റ് കാര്യാലയം, ജില്ല | സ്ഥലം മാറ്റി നിയമനം നൽകുന്ന ക്ഷീരവികസന യൂണിറ്റ് കാര്യാലയം, ജില്ല |
|---|---|---|---|
| 1 | ശ്രീ. പ്രസന്നകുമാർ പി. | പാറശ്ശാല, തിരുവനന്തപുരം | റൂറൽ, തിരുവനന്തപുരം |
| 2 | ശ്രീ. ഷിബു റ്റി.എസ്. | നേമം/തച്ചോട്ടുകാവ്, തിരുവനന്തപുരം | പാറശ്ശാല, തിരുവനന്തപുരം |
| 3 | ശ്രീ. വിനോദ് ആർ.എസ്. | വർക്കല, തിരുവനന്തപുരം | വർക്കല, തിരുവനന്തപുരം |
| 4 | ശ്രീമതി. സൗമ്യ പി.കെ. | റൂറൽ, തിരുവനന്തപുരം. | റൂറൽ, തിരുവനന്തപുരം. |
| 5 | ശ്രീമതി. കലാരഞ്ജിനി പി. | ചവറ, കൊല്ലം | ഓച്ചിറ, കൊല്ലം |
| 6 | ശ്രീമതി. ഷിബാ ഫ്രാൻസിസ് | ചെറുമൂട്, കൊല്ലം | കൊട്ടാരക്കര, കൊല്ലം |
| 7 | ശ്രീമതി. പത്മജാദേവി ആർ. | ശാസ്താംകോട്ട, കൊല്ലം | ശാസ്താംകോട്ട, കൊല്ലം |
| 8 | ശ്രീമതി. സലീല എം. | അമ്പലപ്പുഴ, ആലപ്പുഴ | ആര്യാട്, ആലപ്പുഴ |
| 9 | ശ്രീമതി. സിനി എസ്. നായർ | വെളിയനാട്, ആലപ്പുഴ | അമ്പലപ്പുഴ, ആലപ്പുഴ |
| 10 | ശ്രീ. പ്രശാന്ത് ഇ.എം. | അങ്കമാലി, എറണാകുളം | നോർത്ത് പറവൂർ, എറണാകുളം |
| 11 | ശ്രീ. ജോസ് ജയകുമാർ ഇടച്ചേരി | തളിപ്പറമ്പ്, കണ്ണൂർ | പയ്യന്നൂർ, കണ്ണൂർ |
| 12 | ശ്രീമതി. പ്രീതി പി. | പയ്യന്നൂർ, | തളിപ്പറമ്പ്, |

| | | | |
|---|---|---|---|
| | | കണ്ണൂർ | കണ്ണൂർ |
| 13 | ശ്രീമതി. രമ്യ എസ്. | പാറശ്ശാല, തിരുവനന്തപുരം | നേമം/തച്ചോട്ടുകാവ്, തിരുവനന്തപുരം |

ബന്ധപ്പെട്ട ഓഫീസ് മേലധികാരികൾ ടി ഡെയറി ഫാം ഇൻസ്ട്രക്ടർമാരെ അടിയന്തരമായി നിലവിലെ കാര്യാലയത്തിൽ നിന്നും വിടുതൽ ചെയ്യേണ്ടതാണ്. നിലവിലെ കാര്യാലയത്തിൽ നിന്നും വിടുതൽ ചെയ്ത വിവരവും പുതിയ കാര്യാലയത്തിൽ ജോലിയിൽ പ്രവേശിച്ച വിവരവും ഒട്ടും കാലതാമസം കൂടാതെ ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

Signed by
Asif K Yusuf
Date: 19-07-2024 18:10:42

ഡയറക്ടർ

To:- ബന്ധപ്പെട്ട ഡെയറി ഫാം ഇൻസ്ട്രക്ടർമാർക്ക് (ഓഫീസ് മേലധികാരി മുഖേന)

പകർപ്പ് :-
1) ഡെപ്യൂട്ടി ഡയറക്ടർമാർ (14 ജില്ലാ കാര്യാലയങ്ങൾ)
2) പ്രിൻസിപ്പാൾമാർ (എല്ലാ ക്ഷീരപരിശീലന കേന്ദ്രങ്ങൾക്കും)
3) ബന്ധപ്പെട്ട ക്ഷീരവികസന ഓഫീസർമാർക്ക് (ഡി.ഡി. മുഖേന)
4) ഡയറക്ടർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ മേശപ്പുറത്ത്.
5) ജോയിന്റ് ഡയറക്ടർമാർ (ജനറൽ, പ്ളാനിംഗ്)
6) ഡെപ്യൂട്ടി ഡയറക്ടർമാർ (പ്ളാനിംഗ്, എക്സ്റ്റൻഷൻ, ഐ.ടി. സെൽ)
7) നോഡൽ ഓഫീസർ ഓഫ് ഓൺലൈൻ ട്രാൻസ്ഫർ/ഡെപ്യൂട്ടി ഡയറക്ടർ (ജനറൽ)
8) ഡെപ്യൂട്ടി ഡയറക്ടർ, റീജിയണൽ ലാബ്, കാസർഗോഡ് .
9) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്.
10) അസിസ്റ്റന്റ് ഡയറക്ടർ, റീജിയണൽ ലാബ്, കോട്ടയം.
11) ഫാം ഹെഡ്സ്, സ്റ്റേറ്റ് ഫോഡർ ഫാം, വലിയതുറ, തിരുവനന്തപുരം.
12) എ., ഇ., ഇ.എസ് സെക്ഷൻ സീനിയർ സൂപ്രണ്ടുമാർ.
13) ഡെയറി ഫാം ഇൻസ്ട്രക്ടർ, ഐ.ടി. സെൽ (ഉത്തരവ് വെബ്-സൈറ്റിൽ

പ്രസിദ്ധീകരിക്കുന്നതിന്)

14) ഇ2, ഇ3, ഇ.എസ്.1, ഇ.എസ്.2. സീറ്റുകൾക്ക്.

15) നോട്ടീസ് ബോർഡ്.

16) സഞ്ചയം.

17) ശേഖരസഞ്ചയം.